# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 249 23.01.2018 ൽ മറുപടിയ്ക്ക്**

**ടോൾ കേന്ദ്രങ്ങളിൽ നൽകേണ്ട പണം**

| | ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ടോൾ കേന്ദ്രങ്ങളിൽ നൽകേണ്ട പണം അതത് വ്യക്തികളുടെ അക്കൗണ്ടിൽ നിന്നും നേരിട്ട് എടുക്കുന്നതിനായി വാഹന രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് തന്നെ മുൻകൂറായി ഒരു നിശ്ചിത തുക അടക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദമാക്കാമോ; | (എ) & (ബി) | ടോൾ കേന്ദ്രങ്ങളിൽ നൽകേണ്ട പണം അതാത് വ്യക്തികളുടെ അക്കൗണ്ടിൽ നിന്നും നേരിട്ട് എടുക്കുന്നതിനായി വാഹന രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് തന്നെ മുൻകൂറായി ഒരു നിശ്ചിത തുക അടക്കണമെന്നോ ഇതിനായി സ്വകാര്യ ബാങ്കിൽ അക്കൗണ്ട് തുടങ്ങണമെന്നോ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ 21/11/2017 ലെ കേന്ദ്ര വിജ്ഞാപന പ്രകാരം ഭേദഗതി വരുത്തിയ ചട്ടം 138 എ പ്രകാരം 01-12-2017 മുതൽ വിൽക്കുന്ന എം, എൻ കാറ്റഗറിയിൽ ഉൾപ്പെട്ട എല്ലാ വാഹനങ്ങൾക്കും FASTag നിർബന്ധമാക്കിയിട്ടുണ്ട്. FASTag ലൂടെ വാഹന ഉടമയുടെ അക്കൗണ്ടിൽ പണമുണ്ടോ എന്ന് മനസ്സിലാക്കാവുന്നതും, ടോൾ ബൂത്തുകളിൽ പ്രസ്തുത മാർഗം വഴി പണം അടയ്ക്കാവുന്നതുമാണ്. |
| (ബി) | ഇക്കാര്യത്തിനായി സ്വകാര്യ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ